**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4946** **14-03-2023 - ൽ മറുപടിയ്ക്ക്**

**കളൻതോട് കൂളിമാട് റോഡിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുന്ദമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കളൻതോട് കൂളിമാട് റോഡിന്റെ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | കുന്ദമംഗലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കേരള റോഡ് ഫണ്ട് ബോർഡ് - പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേന നടപ്പിലാക്കുന്ന റോഡ് പ്രവൃത്തി യാണ് കളൻതോട് കൂളിമാട് റോഡ്, പ്രസ്തുത പ്രവൃത്തിക്കു 20.08.2016-ൽ 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 08.05.2017-ൽ 25 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ കരാർ 05.02.2018-ൽ ഏറ്റെടുക്കുകയും 14.02.2018-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ KSEB, KWA എന്നീ യൂട്ടിലിറ്റികൾ നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം കാരണം 17.07.2020 തീയതിയിൽ കരാർ റദ്ദ് ചെയ്യുകയുണ്ടായി. |
| (ബി) | തുടക്കത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെ ഒഴിവാക്കി പുതിയ കരാറുകാരനെ നിശ്ചയിച്ചിട്ടും പ്രവൃത്തി തുടങ്ങാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | കിഫ്ബി നിർദ്ദേശമനുസരിച്ച് ഡിസൈൻ നവീകരണം, റേറ്റ് റിവിഷൻ, GST എന്നിവ മൂലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 42.30 കോടിയായി പുതുക്കേണ്ടി വന്നു. 20.03.2022 തീയതിയിൽ കിഫ്ബി പുതുക്കിയ സാമ്പത്തികാനുമതി നൽകി. ബാലൻസ് പ്രവൃത്തിക്ക് സൂക്ഷ്മപരിശോധനയ്ക്കു ശേഷം 21.06.2022 തീയതിയിൽ സാങ്കേതി കാനുമതി നൽകുകയും 27.08.2022 തീയതിയിൽ നടന്ന 35-ാം ടെൻഡർ അപ്രൂവൽ കമ്മിറ്റി ടെൻഡർ അംഗീകരി ക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടുന്നതിനായി കിഫ്ബിയുടെ PFMS platform ൽ നിന്നും LoA നമ്പർ, Agreement നമ്പർ എന്നിവ ലഭിക്കേണ്ടതുണ്ട്. നിലവിൽ TS file, Tender file ഇവയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. 10.02.2023 തീയതിയിൽ കിഫ്ബിയിൽ സമർപ്പിച്ച PED-യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് LoA നമ്പർ, |

| | | | |
|---|---|---|---|
| | | | Agreement നമ്പർ എന്നിവ ലഭ്യമാക്കികൊണ്ടു കരാറിൽ ഏർപ്പെട്ടു പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (സി) | ഈ റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 18 മാസമാണ്. പ്രസ്തുത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ